## പതിമുന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2739   20.06.2013- ൽ മറുപടിക്ക്**

**കാന്തലാട് വില്ലേജിലെ കൃഷി നാശം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കാന്തലാട് വില്ലേജിൽ നെട്ടംപാറച്ചാലിൽ ഉരുൾപൊട്ടിയതും കൃഷിയും വസ്തുവകകളും ഒഴുകിപ്പോയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവിടെ ഏതെല്ലാം വ്യക്തികൾക്ക് എന്തെല്ലാം സ്വത്തുക്കൾ നഷ്ടമായെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ബാലുശ്ശേരി അസംബ്ലി നിയോജക മണ്ഡലത്തിലെ കാന്തലാട് വില്ലേജിൽ നൊച്ചംപാറ ചാലിൽ ഉരുൾപൊട്ടിയതിനെ തുടർന്ന് സുബ്രഹ്മണ്യൻ S/o കുട്ടപ്പൻ മുഴുകുന്നേൽ എന്നയാളുടെ പശുത്തൊഴുത്ത് പൂർണ്ണമായി നശിക്കുകയും കറവപ്പശു -1, കാള -1 എന്നിവയ്ക്ക് ജീവനാശം സംഭവിക്കുകയും ചെയ്തു. കൂടാതെ നെടുംപാറച്ചാലിൽ ശ്രീമതി, ഉണ്ണി കൃഷ്ണൻ കിടാവ് എന്നിവരുടെ വീടിന് ഭാഗികമായി നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. രണ്ട് വീടുകൾക്ക് വീടൊന്നിന് 25,000/- രൂപ നിരക്കിൽ 50,000/- രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ